**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5690** **24-03-2025 - ൽ മറുപടിയ്ക്ക്**

**സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലെ പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിൽ പതിനഞ്ച് വർഷത്തിലധികമായി സിവിൽ എക്സൈസ് ഓഫീസർ കേഡറിൽ ജോലി ചെയ്യുന്നവർക്ക് പ്രമോഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിവിൽ എക്സൈസ് ഓഫീസർ നിയമനങ്ങൾ ജില്ലാതല നിയമനങ്ങളാണ്. ആദ്യ റാങ്കുകളിൽ നിയമനം ലഭിക്കുന്നവർക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ലഭിക്കുന്നതിനനുസൃതമായി മാത്രമാണ് തുടർന്നുള്ളവർക്ക് സ്ഥാനക്കയറ്റം ലഭിക്കുക. |
| (ബി) | എക്സൈസ് വകുപ്പിലെ 1022 പ്രിവൻറീവ് ഓഫീസർമാരുടെ അടുത്ത പ്രമോഷൻ പോസ്റ്റായ അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ ആകെ എണ്ണം 84ഉം അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിന്ന് പ്രമോഷനാകുന്ന എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ ആകെയെണ്ണം 344 ഉം ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ എണ്ണത്തിലെ ഈ അനുപാതം എക്സൈസ് വകുപ്പിന് പര്യാപ്തമാണോയെന്ന് വിശദമാക്കുമോ; | (ബി) | വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ ആകെ അംഗബലം 345 ഉം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ ആകെ അംഗബലം 84 ഉം പ്രിവന്റീവ് ഓഫീസർമാരുടെ ആകെ അംഗബലം 1022 മാണ്. എക്സൈസ് ഇൻസ്പെക്ടർ തസ്തികക്കും പ്രിവന്റീവ് ഓഫീസർ തസ്തികക്കും മദ്ധ്യേയുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തിക ഒരു സേനാ വിഭാഗത്തിലെ ഉദ്യോഗസ്ഥതല അനുപാതം പാലിക്കുന്നതല്ല. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തിക എല്ലാ റെയിഞ്ചുകളിലും അനുവദിച്ചിട്ടില്ല. കൂടാതെ 100% ടി നിയമനം മുഴുവനായി പ്രിവന്റീവ് ഓഫീസറിൽ നിന്ന് ഉദ്യോഗക്കയറ്റം വഴിയാണ് നടത്തുന്നത്. എക്സൈസ് ഇൻസ്പെക്ടറിൽ 50% നിയമനങ്ങൾ നേരിട്ടുള്ള നിയമനമാണ്. ബാക്കി 50% ഉദ്യോഗക്കയറ്റം വഴിയാണ്. 84 തസ്തികയിലും പ്രിവന്റീവ് ഓഫീസർക്ക് ഉദ്യോഗക്കയറ്റം നൽകിയാണ് നിയമനം നൽകുന്നത്. |
| (സി) | നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമന നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കൊല്ലം, കോട്ടയം, ആലപ്പുഴ ജില്ലകളിലെ പ്രിവന്റീവ് ഓഫീസർമാരുടെ 20.08.2011 മുതൽ 31.12.2021 വരെ കാലയളവിലെ സീനിയോറിറ്റി പട്ടികകൾ അന്തിമമാക്കി പ്രസിദ്ധീകരിച്ചതിനെതുടർന്ന് സീനിയോറിറ്റി സംബന്ധമായി കേസുകൾ ഉണ്ടാവുകയും ആയതിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ടി കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ നിന്നും സ്ഥാനക്കയറ്റം |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നത് സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. മേൽ സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് മാത്രമേ റഗുലർ സ്ഥാനക്കയറ്റം സാധ്യമാകുകയുള്ളൂ |

സെക്ഷൻ ഓഫീസർ